മിസ്റ്റർ സ്പീക്കർ: ഗവണ്മെണ്ടിന്റെ അഭിപ്രായം ആരായുകയാണ്. ചോദ്യം അനുവദിക്കുന്നില്ല.

തിരുവനന്തപുരം സിറ്റികോർപ്പറേഷനും വിദ്യാഭ്യാസസ്ഥാപനങ്ങളും

*ക്ഷ. (ക ൬) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ, അതിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ നിയമവിരുദ്ധമായി നികുതി ചുമത്തിയിട്ടുള്ളതായി ഗവണ്മെൻറിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ പരാതിയുണ്ടായിട്ടുണ്ടെങ്കിൽ അതിനു എന്തു നടപടി എടുത്തിട്ടുണ്ട്; അതിന്റെ ഫലമെന്തു?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയം ഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) അങ്ങനെ പരാതി ലഭിച്ചിട്ടില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളെ നികുതി കൊടുക്കുന്ന നിയമത്തിൽനിന്നും ഒഴിവാക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഈ നിവേദനങ്ങൾ കോർപ്പറേഷനു അയച്ചുകൊടുത്തിട്ടുണ്ട്.

എസ്. പി. ഡബ്ലിയു. ആർ. ഫണ്ടും വിദ്യാർത്ഥി വേതനങ്ങളും

*ക്ഷ ൭. (ക ൭൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും ധനസഹായം ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികളിൽ പലർക്കും ആ സഹായം ലഭിച്ചിട്ടില്ലെന്ന പരാതിയുള്ളതായി അറിയാമോ;

(ബി) മേൽപറഞ്ഞ സഹായം ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് അതു ലഭിക്കുന്നതിനുതകുന്ന എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) മേൽപറഞ്ഞപ്രകാരം സഹായം ലഭിക്കേണ്ട വിദ്യാർത്ഥികളെ സംബന്ധിച്ചു സ്കൂളുകൾ അയച്ചിട്ടുള്ള ബില്ലുകൾ എത്രയെണ്ണം അധികകാലമായിട്ടും പാസാകാതെ കിടപ്പുണ്ട്; ഇതിലുള്ള താമസത്തിനു കാരണമെന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) ഉണ്ട്.

(സി) ക്ഷ ൯൫. ഈ ബില്ലുകളെല്ലാം അക്കൗണ്ടൻറ് ജനറൽ അവർകൾക്ക് പ്രീ ആഡിറ്റിനായി അയച്ചിരിക്കുകയാണ്. പ്രീ ആഡിറ്റ് കഴിഞ്ഞ് ഈ തുക അതാതു സ്കൂളുകളിലേക്ക് അയച്ചുകൊടുക്കുന്നതായിരിക്കും.

Sri. P. Balakrishnan Tampi: What is this S.P.W. Fund?

ശ്രീ. ടി. കെ. നാരായണപിള്ള: അതു എക്സ്സർവ്വിസുമെന്നിനുവേണ്ടിയുള്ള ഫണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പണം ലഭിക്കുന്നതിനുതകുന്ന നടപടികൾ എടുത്തിട്ടുണ്ടെന്നു ഗവണ്മെൻറ് പറഞ്ഞു. എന്തു നടപടികളാണ് എടുത്തിട്ടുള്ളതു?

ശ്രീ. ടി. കെ. നാരായണപിള്ള: ബില്ലുകൾ അക്കൗണ്ടൻറ് ജനറലിനു അയച്ചിട്ടുണ്ടെന്നു പറഞ്ഞതു 'നടപടികളിൽ ഒന്നാണ്'.

നൽവിതരണത്തിൽ വിവേചനം

*ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൽനിയന്ത്രണം അടുത്തകാലം ഏർപ്പെടുത്തിയതിനുശേഷം നെയ്ത്തുകാർക്കു് എന്നു മുതലാണു് വിതരണം നടത്തിയതു്; മത്സ്യവ്യവസായികൾക്കു് എന്നു മുതൽ;

(ബി) നിയന്ത്രണം തുടങ്ങിയതിനുശേഷം ഇതുവരെയും ഒരിഴ നൽപോലും കിട്ടാതെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്ന മത്സ്യവ്യവസായ കേന്ദ്രങ്ങൾ ഉണ്ടെന്നുള്ള പരാതി വാസ്തവമാണോ;

(സി) ലൈസൻസികൾ ഉള്ള സ്ഥലത്തുപോലും ഇതുവരെയും മത്സ്യവ്യവസായികൾക്കായുള്ള നൽ വിതരണം നടന്നിട്ടില്ലെന്നറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഫെബ്രുവരിമാസം മുതൽക്കാണു് കച്ചവടക്കാർക്കു് നൽവിതരണം ചെയ്തതു്. അതിനുള്ള കോട്ടാ അനുവദിച്ചതുമുതൽക്കാണു് കൈത്തറി നെയ്ത്തുകാർക്കും, മത്സ്യവ്യവസായികൾക്കും നൽ വിതരണം ചെയ്തിട്ടുള്ളതു്.

(ബി) അറിവില്ല.

(സി) അറിഞ്ഞുകൂടാ.

ശ്രീ. എ. സു. കുട്ടൻ: നെയ്ത്തു വ്യവസായികൾക്കു് നൽ കിട്ടുന്നില്ലെന്നുള്ളപരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. എസു. കുട്ടൻ: അവർക്കു് ശരിയായ നിലയിൽ നൽ വിതരണംചെയ്യുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു മുൻപുതന്നെ ശരിയായ നിലയിൽ നൽ വിതരണംചെയ്തിട്ടുണ്ടു്. ഇപ്പോൾ അതിനുവേണ്ട ഏർപ്പാടുചെയ്യുന്നുമുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: നൽ പ്രൈവറ്റ് കച്ചവടക്കാർക്കു വിതരണത്തിനായി കൊടുക്കാതെ കോവാപ്പറേറ്റീവു സംഘങ്ങൾമുഖേന മാത്രമെ വിതരണം ചെയ്യുകയുള്ളു എന്നു ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇനി മേലാൽ കോവാപ്പറേറ്റീവു സൊസൈറ്റികൾമുഖേനമാത്രമെ നൽ വിതരണം ചെയ്യുകയുള്ളു എന്നാണു് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അങ്ങനെ ഖണ്ഡിതമായ ഒരു വ്യവസ്ഥ ചെയ്യുവാൻ ഉണ്ടായ സാഹചര്യം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതായിരിക്കും കാര്യക്ഷമമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly